"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. -തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ ആലിൻതൈ ആനക്കല്ല് റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിയ്ക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**ദുരന്ത നിവാരണ (ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.214/2025/DMD    തീയതി,തിരുവനന്തപുരം, 04-04-2025

---

പരാമർശം:-
1. 01.02.2022 തീയതിയിലെ സ. ഉ. (സാധാ) നം. 86/2022/ഡി.എം.ഡി.
2. തൃശ്ശൂർ ജില്ലാകളക്ടറുടെ 04.03.2025 ലെ DCTSR/7177/2022-K4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം 9 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ ആലിൻതൈ ആനക്കല്ല് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ കരാർ ഏറ്റെടുക്കുവാൻ ഇ-ടെണ്ടറിലും റീടെണ്ടറിലും ആരും പങ്കെടുത്തില്ലെന്നും, തുടർന്ന് ക്വട്ടേഷൻ പ്രകാരമാണ് കരാറിൽ ഏർപ്പെട്ടതെന്നും, പ്രവൃത്തിക്ക് ആവശ്യമായ സാധനസാമഗ്രികളുടെ ലഭ്യതകുറവും പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുവാൻ കാരണമായിട്ടുണ്ടെന്നും ടി പ്രവൃത്തി നിലവിൽ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതിനാൽ പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ ആലിൻതൈ ആനക്കല്ല് റോഡ് പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കാവുന്നതും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിയ്ക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ, കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/83/2025 -DMD)

ഉത്തരവിൻ പ്രകാരം
Signed by
Kumari Rekha S R
Date: 04-04-2025 15:00:53

പകർപ്പ് : ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്